പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2365 | 18.03.2015 ൽ മറുപടിയ്ക്ക് |

## യുവജനബോർഡിന്റെ സൗജന്യ കോച്ചിംഗ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജന ബോർഡിന്റെ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; | ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം |
| സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത് ; | സി) പി.എസ്.സി , യു.പി.എസ്.സി / ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കാണ് പരിശീലനം നൽകിയത്. |
| ഡി) പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെയിടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ? | ഡി) വേണ്ടത്ര പ്രചാരണം നൽകിയാണ് പദ്ധതി നടപ്പാക്കിയത്. |

സെക്ഷൻ ഓഫീസർ